വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : doekm.psc@kerala.gov.in
Telephone : 0484—2988857

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

***ജില്ലാ ആഫീസ് : എറണാകുളം***

നമ്പർ : E6-4/3/2019-KPSC-DOEKM (3)

സ്ഥലം : എറണാകുളം
തീയതി : 23-11-2021

22076/21/DHSE

DIRECTORATE OF GENERAL EDUCATION HSE(WING) 27 NOV 2021

പ്രേഷകൻ

ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ് , എറണാകുളം.

സ്വീകർത്താവ്

The Director,
Office of the Director of Higher Secondary Education,
Housing Board Buildings, Santhi Nagar,
Thiruvananthapuram - 695 001.

സർ,

വിഷയം :- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, എറണാകുളം - സർവ്വീസ് വെരിഫിക്കേഷൻ - സംബന്ധിച്ച്.

സൂചന :- 1) താങ്കളുടെ **06.07.2018** തീയതിയിലെ **Ad.A 443731/HSE/2014** നമ്പർ കത്ത്.
2) 8.07.2019 തീയതിയിലെ GO (Ms) No.133/2019/GAD ഉത്തരവ്.

************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ് എറണാകുളം മുഖേന നിയമന ശിപാർശ ലഭിച്ച് താങ്കളുടെ വകുപ്പിൽ ജോലിയ്ക്ക് പ്രവേശിച്ച താഴെപ്പറയുന്ന ഉദ്യോഗസ്ഥന്റെ സർവ്വീസ് വെരിഫിക്കേഷൻ സൂചന 1 പരിഗണിച്ച് ഒരു തവണ നടത്തിയിട്ടുള്ളതാണ്. മേൽ അവസരത്തിൽ ഹാജരാകാൻ സാധിക്കാത്തതിരുന്ന ഉദ്യോഗസ്ഥന് ഒരിക്കൽ കൂടി സർവ്വീസ് വെരിഫിക്കേഷൻ **30-11-2021 തീയതിയിൽ 11 AM** ന് ഈ ആഫീസിൽ വച്ച് നടത്തുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ അസ്സലും ഈ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ് എന്ന് അറിയിക്കുന്നു. **നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ ഫാറം (Annexure II) പൂരിപ്പിക്കേണ്ടതിനാൽ നിയമനശിപാർശക്കത്ത്, നിയമന ഉത്തരവ് എന്നിവയുടെ നമ്പരും തീയതിയും അവരവരുടെ റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ, നിയമനം ലഭിച്ച ഊഴം (OC/BC), ശമ്പളസ്കെയിൽ, ജോലിയിൽ പ്രവേശിച്ച തീയതി, ഓഫീസിന്റെ പേര്, നിയമനാധികാരിയുടെ പേര്, ഉദ്യോഗപ്പേര് എന്നിവ വ്യക്തമായി അറഞ്ഞിരിക്കേണ്ടതാണെന്ന് താഴെ പറയുന്ന ഉദ്യോഗസ്ഥന് നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നു.**

1. ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട് വകുപ്പ്/സ്ഥാപനം നൽകുന്ന തിരിച്ചറിയൽ കാർഡ്.
2. തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ കാർഡ്.
3. ഡ്രൈവിംഗ് ലൈസൻസ്.
4. പാസ്സ്പോർട്ട്.
5. കേരള സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക് നൽകിയ തിരിച്ചറിയൽ കാർഡ്.
6. ദേശസാത്കൃത ബാങ്ക് നൽകിയ ഫോട്ടോ പതിച്ച പാസ്സ്ബുക്ക്.
7. പാൻ കാർഡ്.
8. ആധാർ കാർഡ്.

നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ ഹോളോഗ്രാം പതിച്ച സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് **210/-** രൂപ ഈടാക്കാൻ സൂചന(2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം സർവ്വീസ് വെരിഫിക്കേഷന് ഹാജരാകുന്ന ജീവനക്കാർ, പ്രസ്തുത തുക **"0051-PSC-800-state PSC-99-other receipts"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ വെരിഫിക്കേഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

**"നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമന ശിപാർശാ ക്രമത്തിലാകേണ്ടതാണ്. ആകയാൽ ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും."**

| ഉദ്യോഗസ്ഥന്റെ പേര് | | | |
|---|---|---|---|
| Sl. No. | Name | Post | Defects |
| 1 | Aneesh.T.S | Laboratory Assistant | Joining date and joining office not mentioned in service book page 4, attested copy of appointment order not attached. |

വിശ്വസ്തതയോടെ,

ജില്ലാ ഓഫീസർക്കുവേണ്ടി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, എറണാകുളം

AdD2/220769/21/HSE Dated : 27/11/2021

For Information and neccessary action

Administrative Assistant

27/11/21

27/11/21